സി.പി(2)26770/08 സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 11..08..2008

## സർക്കുലർ നമ്പർ 59 /2008

വിഷയം:- സഹകരണ വകുപ്പ് - കൊയ്ത് യന്ത്രം വാങ്ങി വാടകയ്ക്ക് നൽകുന്നത് - കൊയ്ത് യന്ത്രങ്ങൾ വാങ്ങുന്നതിന് വായ്പ നൽകുന്നത് സംബന്ധിച്ച്- നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 28..07..2008ൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ

....

സംസ്ഥാനത്ത്, നെൽകൃഷിക്ക് കൂടുതൽ ശ്രദ്ധ നൽകുന്നതിൻെറ ഭാഗമായി, സംസ്ഥാന സർക്കാരിൻെറ നിർദ്ദേശാനുസരണം, സഹകരണ വകുപ്പ്, കുറഞ്ഞ പലിശ നിരക്കിൽ നെൽകൃഷിക്ക് വായ്പ നൽകുന്നതിന് നടപടികൾ സ്വീകരിക്കുകയും, ആയതിനെതുടർന്ന്, പാലക്കാട് ജില്ലയിൽ കൃഷിവകുപ്പിൻെറ സഹകരണത്തോടുകൂടി പലിശരഹിത വായ്പ നൽകുകയും, ആയതിനെ തുടർന്ന് ടി പദ്ധതി ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലയിലെ കുട്ടനാടൻ ഭാഗങ്ങളിൽകൂടി വ്യാപിപ്പിക്കുവാൻ നിർദ്ദേശം പുറപ്പെടുവിക്കുകയും, 2008-09 വർഷം മുതൽ നെൽകൃഷിക്ക് പലിശരഹിത വായ്പ പദ്ധതി, സംസ്ഥാനം മുഴുവൻ വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ ഭാഗമായി പലിരഹിത വായ്പ നൽകുന്ന സഹകരണ സ്ഥാപനങ്ങൾക്ക് പലിശ റീം ഇമ്പേഴ്സ് ചെയ്ത് നൽകുന്നതിന് തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

സഹകരണ മേഖലയാണ് ഇന്ന് നെൽകൃഷിക്ക് കുടുതൽ പ്രോത്സാഹനം നൽകിവരുന്നത്. പലിശരഹിത വായ്പയായും, മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ മുഖേനയും സഹകരണസംഘങ്ങൾ ഈ രംഗത്ത് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ളതുമൂലം, നെൽകൃഷിയുടെ മേഖലയിൽ ഗുണകരമായ മാറ്റം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. എന്നാൽ ഇപ്രകാരം കൂടുതൽ വായ്പയും, ശ്രദ്ധയും നൽകി ഉത്പാദിപ്പിക്കുന്ന നെല്ല്, യഥാസമയം വിളവെടുപ്പ് നടത്തിയാൽ മാത്രമേ കർഷകന് വായ്പ തിരിച്ചടക്കുന്നതിന് കഴിയുകയുള്ളൂ എന്നതിലുപരി, ഉൽപാദനം മുഴുവൻ പ്രയോജനപ്പെടുത്തുവാനും കഴിയുകയുള്ളൂ. കഴിഞ്ഞവർഷം, തൊഴിലാളികളുടെ അഭാവംമൂലം, കുട്ടനാട്ടിൽ യഥാസമയം കൊയ്ത് നടത്താൻ കഴിയാത്തതും അപ്രതീക്ഷിതമായുണ്ടായ മഴയിൽ നെല്ല് നഷ്ടപ്പെട്ടതുമായ സംഭവങ്ങൾ ഉണ്ടായതിൻെറ അടിസ്ഥാനത്തിൽ, ഈ വർഷം

അപ്രകാരംസംഭവിക്കാതിരിക്കുന്നതിനും, സഹകരണ മേഖലയ്ക്ക് ഈ രംഗത്ത് കൂടുതൽ ഉത്തരവാദിത്വമുള്ളതിനാലും, തൊഴിലാളികളുടെ ലഭ്യത കുറഞ്ഞത് ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ, സഹകരണ മേഖലയിലെ സംഘങ്ങൾ, കൊയ്ത് യന്ത്രം വാങ്ങേണ്ടതാണെന്നും നെൽകൃഷിക്ക് സഹായകരമായി സഹകരണമേഖല ഇടപെടണമെന്നും സൂചനപ്രകാരം ചേർന്നയോഗത്തിൽ തിരുമാനിക്കുകയുണ്ടായി. അപ്രകാരം സംസ്ഥാന സഹകരണ ബാങ്ക് പ്രസിഡൻറ്, ജില്ലാ ബാങ്ക് പ്രസിഡൻറ്മാർ, സംഘം പ്രതിനിധികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികളുടെയും, . യോഗത്തിൽ തീരുമാനിച്ചതിൻെറ അടിസ്ഥാനത്തിൽ ചുവടെ പരാമർശിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) സഹകരണ ബാങ്കുകൾ, സംഘങ്ങൾ, അതാതുപ്രദേശത്തിന് അനുയോജ്യമായ, കൊയ്തു യന്ത്രങ്ങൾ വാങ്ങി ന്യായമായ വാടകയ്ക്ക് കർഷകർക്ക്/പാടശേഖരസമിതി കൾ/തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ/ നെല്ലുൽപാദകസംഘങ്ങൾ/ കുടുംബശ്രീകൾക്ക് വാടകയ്ക്ക് നൽകാവുന്നതാണ്.

2) തദ്ദേശസ്വയംഭരണസ്ഥാപനം, നെല്ലുൽപാദകസമിതി, പാടശേഖരസമിതി, കുടുംബശ്രീ എന്നിവ അപേക്ഷിക്കുന്ന മുറക്ക്, കൊയ്ത് യന്ത്രം വാങ്ങുന്നതിന് നിയമാനുസൃതം വായ്പ നൽകാവുന്നതാണ്.

3) ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, പാലക്കാട്, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കുകൾ കൊയ്ത് യന്ത്രം വാങ്ങുന്നതിന് 2 കോടി രൂപ വീതവും, ഇടുക്കി, കൊല്ലം ജില്ലാ സഹകരണ ബാങ്കുകൾ 1 കോടി രൂപവീതവും ടി ജില്ലകളിലെ ഓരോ പ്രാഥമിക കാർഷിക/ കാർഷിക വികസന ബാങ്കുകൾ കുറഞ്ഞത് 20 ലക്ഷംരൂപയെങ്കിലും, ഇപ്രകാരം കൊയ്ത് യന്ത്രം വാങ്ങുന്നതിന്/ വായ്പ നൽകുന്നതിനായി മാറ്റി വയ്ക്കണമെന്നും നിർദ്ദേശിക്കുന്നു.

4) ഇപ്രകാരം നൽകുന്ന വായ്പയ്ക്ക് കുറഞ്ഞപലിശനിരക്ക് ഈടാക്കിയാൽ മതിയാകുന്നതാണ്. ഈടാക്കേണ്ട പലിശയെ സംബന്ധിച്ച് ജില്ലാ സഹകരണബാങ്കുകൾ/ ജോയിൻറ് രജിസ്ട്രാർമാർ പരിശോധിച്ച് സഹകരണസംഘം രജിസ്ട്രാറെ അറിയിക്കേണ്ടതാണ്.

5) പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ ജില്ലാ ബാങ്കുകൾ/ ജോയിൻറ് രജിസ്ട്രാർമാർ സംയുക്തമായി കൊയ്ത് യന്ത്രം വാങ്ങാനായി മുന്നോട്ടുവന്നിട്ടുള്ള സംഘങ്ങളുടെ/താൽപര്യമുള്ള സംഘങ്ങളുടെ ഒരുയോഗം അടിയന്തിരമായി വിളിച്ചുചേർക്കേണ്ടതാണ്.

6) കൊയ്ത് യന്ത്രം വാങ്ങുന്നതിനായി, യാതൊരു കാരണവശാലും ഗവൺമെൻറ് സഹകരണസ്ഥാപനങ്ങൾക്ക് നിശ്ചയിച്ച് നൽകിയിട്ടുള്ള പരിധിയിൽ കൂടുതൽ ചിലവഴിക്കാൻ പാടുള്ളതല്ല.

7) പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ അതാത് ജില്ലാബാങ്ക് പ്രസിഡൻറുമാർ ചെയർമാനായും, ജില്ലാ ബാങ്ക് ജനറൽമാനേജർ, പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ അസോസിയേഷൻെറ പ്രസിഡൻറ്/സെക്രട്ടറി എന്നിവർ അംഗങ്ങളും, ജോയിൻറ് രജിസ്ട്രാർ(ജനറൽ) കൺവീനറും ആയി ഓരോ കമ്മറ്റി ജില്ലാതലത്തിൽ രൂപീകരിക്കുകയും, ടി കമ്മറ്റി 31..08..2008നകം ജില്ലയിലെ സംഘങ്ങളുടെ യോഗം ചേർന്ന്, സംഘങ്ങളുടെ പേര്, തുക, തുടങ്ങി യന്ത്രത്തിൻെറ സ്പെസിഫിക്കേഷൻ സഹിതം സഹകരണസംഘം രജിസ്ട്രാർക്കും/ സർക്കാരിലേക്കും സമർപ്പിക്കേണ്ടതാണ്.

8) മേൽ കമ്മറ്റി, ഓരോ ജില്ലയിലും യന്ത്രങ്ങൾ വാങ്ങുന്നത് സംബന്ധിച്ച് കമ്മറ്റികളുമായി ചർച്ചചെയ്ത് വിലയെസംബന്ധിച്ച് ഒരു പൊതു നിരക്ക് നിശ്ചയിക്കേണ്ടതും, യന്ത്രത്തിൻെറ വാർഷിക മെയിൻറനൻസ് കോൺട്രാക്റ്റ് തുടങ്ങി എല്ലാ വിഷയങ്ങളെസംബന്ധിച്ചും ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണ്.

9) കാർഷിക വികസന ബാങ്കുകൾ, നേരിട്ട് കമ്പനികളുമായി നെഗോഷിയേറ്റ് ചെയ്ത് വിലയെ സംബന്ധിച്ച് ധാരണയിലെത്തേണ്ടതാണ്.

10) മേൽ നിർദ്ദേശങ്ങൾ സമയബന്ധിതമായി 31..08..2008നകം നടപ്പിലാക്കുന്നതിന് യഥാസമയം ജോയിൻറ് രജിസ്ട്രാർമാർ നടപടി കൈകൊള്ളേണ്ടതാണ്.

ഒപ്പ്
റാണി ജോർജ്ജ് ഐ.എ.എസ്.
സഹകരണസംഘം രജിസ്ട്രാർ

<u>പകർപ്പ്</u> :-

1) എല്ലാ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കും/കാർഷിക വികസന ബാങ്കുകൾക്കും (ബന്ധപ്പെട്ട ജോയിൻറ് രജിസ്ട്രാർ മുഖേന)
2) മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം
3) എല്ലാ ജനറൽ മാനേജർമാരും, ജില്ലാ സഹകരണ ബാങ്ക്
4) മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ കാർഷിക വികസന ബാങ്ക്, തിരുവനന്തപുരം
5) എല്ലാ പ്രാഥമിക കാർഷിക വികസന ബാങ്കുകൾക്കും (ജോയിൻറ് രജിസ്ട്രാർമാർ മുഖേന)
6) എല്ലാ ജോയിൻറ് രജിസ്ട്രാർമാർക്കും(ജനറൽ/ആഡിറ്റ്)
7) എല്ലാ അസിസ്റ്റൻറ് രജിസ്ട്രാർമാർക്കും(ജനറൽ/ആഡിറ്റ്) (ജോയിൻറ് രജിസ്ട്രാർമാർ മുഖേന)
8) സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം
9) സ്റ്റോക്ക് ഫയൽ, 11) സ്പെയർ

ആജ്ഞാനുസരണം

N. Subhani

സഹകരണസംഘം രജിസ്ട്രാർക്കു വേണ്ടി